

# കെണി

ഇടക്കുളങ്ങര ഗോപൻ

വിശപ്പുമാറ്റാനുള്ള തത്രപ്പാടിൽ
അറിയുന്നില്ല, തീറ്റക്ക് പിന്നിലെ കെണി.
ചിലപ്പോൾ ഒരു കപ്പത്തുണ്ടാകാം
അല്ലെങ്കിൽ ഒരു തേങ്ങാപ്പൂള്.
അതുമല്ലെങ്കിൽ
ദൂരെ മണം കിട്ടുന്ന ഉണക്കമീൻ.

വിശപ്പിനു മുന്നിൽ
തീറ്റ മാത്രമാണ് പ്രതിവിധി.
മണം പിടിച്ച് മണം പിടിച്ച്
കൊളുത്തിവെച്ച തീറ്റക്ക് മുന്നിലെത്തി
യാൽ

കണ്ണിന്റെ റെറ്റിനയിൽ
അതു മാത്രമേ പതിക്കൂ.
ആർത്തിമൂത്ത് കടിക്കുമ്പോഴേക്കും
അറിയാതെ  'ടപ്പേ'ന്നു പതിക്കും
വലിച്ചുകെട്ടിയ സ്പ്രിംഗിലെ കെണി.

അതൊരു മരവിപ്പാണ്
ജീവന്റെ ചൂടുമായുന്ന മരവിപ്പ്.
മരണം തെറിച്ച കണ്ണുകളിൽ
ഒടുങ്ങാത്ത വിശപ്പിന്റെ നിഴൽ
ദൈന്യതയോടെ തീറ്റയിലേക്ക്
കുതിച്ചു നിൽക്കയാണ്. ■

# ഉപഭോഗം

നൗഷാദ് ബാബു



അമ്മയുണ്ടാക്കിയ
കഞ്ഞീം ചമ്മന്തീം
പണി കഴിഞ്ഞച്ചൻ വരുമ്പൊ
കൊണ്ടത്തരണ
പ്യാരീസ് മുട്ടായി
വാഴയിലയിൽ പൊതിഞ്ഞ
ചൂടുള്ള പരിപ്പുവട
വട്ടം കൂടി
വട്ടം പറഞ്ഞങ്ങനെ...
അറിഞ്ഞിരുന്നില്ല
മഴ വന്ന്
അടുപ്പ് നനക്കുന്നതും
ചിതല് വന്ന്
പായ തിന്നുന്നതും..
ലോണെടുത്ത്
ടീവി വാങ്ങിയപ്പോഴാണ്,
ഭാര്യയുടെ കൺതടത്തിലെ
കറുപ്പ് കണ്ടത്
ഭർത്താവിന്റെ
നീളക്കുറവ് ശ്രദ്ധിച്ചത്
പ്യാരീസ് മുട്ടായിക്ക്
വില കുറവാണെന്ന്
പെങ്ങളോട് മന്ത്രിച്ചപ്പോൾ
പരിപ്പുവട ഗ്യാസാണെന്നവൾ
ചേട്ടന്റെ മൂക്കിലെഴുതിയത്
ഐഎസ്ഐ മുദ്രയില്ലാതെ
സ്നേഹം പുകഞ്ഞപ്പോൾ
വീണ്ടും ലോണെടുത്തു.
നാല് ദിവസം പൂട്ടിക്കിടന്ന
വീട്ടിൽ നിന്ന് ചീഞ്ഞ് നാറിയ
മണം വന്നപ്പോൾ
മുനിസിപ്പാലിറ്റിയെ
അറിയിക്കാൻ
അയൽവാസിക്ക് നഷ്ടമായത്
സെക്കന്റ് ബില്ലിങ്ങായത് കൊണ്ട്
മൂന്ന് പൈസ... ■

നബീൽ ആലത്തൂർ

## സൂര്യൻ
ആകാശത്തിന്റെ കോപം
നമുക്ക് ചൂടും വെളിച്ചവും

## ചന്ദ്രൻ
രാവിന് കുളിരേകാൻ
രാപ്പാർക്കുന്നവർക്ക്
വഴികാട്ടാൻ

## സൗരയൂഥം
ആകാശത്തിലെ
എട്ടുകാലി വല

## നക്ഷത്രം
ചന്ദ്രന് വഴികാട്ടുന്ന
ആകാശത്തിലെ
സ്ട്രീറ്റ് ലൈറ്റുകൾ

## മഴ
ആകാശത്തിന്റെ കണ്ണുനീർ
നമുക്ക് തെളിനീർ